**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **14-10-2024 - ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻകടകളും മാവേലി സ്റ്റോറുകളും കെ-സ്റ്റോറുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി 2021 ജൂൺ മാസത്തിനു ശേഷം പുതുതായി എത്ര റേഷൻകടകളും മാവേലി സ്റ്റോറുകളും കെ-സ്റ്റോറുകളും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 5 റേഷൻകടകളും 1 മാവേലിസ്റ്റോറും 9 കെ-സ്റ്റോറുകളും അനുവദിച്ചിട്ടുണ്ട്. |
| (ബി) | മണിയൂർ ഗ്രാമപഞ്ചായത്തിലെ തുറശ്ശേരിമുക്ക് എന്ന സ്ഥലത്ത് പുതുതായി അനുമതി നൽകിയ റേഷൻകട പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഈ റേഷൻകടയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | മണിയൂർ ഗ്രാമപഞ്ചായത്തിലെ തുറശ്ശേരിമുക്കിൽ അനുവദിച്ച പുതിയ കടയുടെ ലൈസൻസി നിയമന നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ